പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2021 — 01.02.2018 ൽ മറുപടിക്ക്

## റോഡ് സുരക്ഷാ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി. ഉണ്ണി : | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പൊതു നിരത്തുകളിലെ വാഹനാപകടങ്ങൾ കുറച്ചുകൊണ്ടു വരുന്നതിനായി മോട്ടോർ വാഹന വകുപ്പും, പോലീസ് വകുപ്പും സംയുക്തമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു; വിശദാംശം ലഭ്യമാക്കാമോ; | (എ) അപകടം കൂടിയ സ്ഥലങ്ങൾ 24 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാ പരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ ജി.പി.എസ് അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനവും വാഹന ക്ഷമതാ പരിശോധന കേന്ദ്രങ്ങളും, എല്ലാ റീജിയണൽ / സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതു കൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും ശക്തമാക്കുന്നതാണ്. ഇവ കൂടാതെ ബഹു. സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗം, അമിതഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കും. മേൽ നിയമ ലംഘനങ്ങൾക്ക് പിടിക്കപ്പെടുന്നവരുടെ ലൈസൻസ് റദ്ദാക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട ലൈസൻസിംഗ് അതോറിറ്റിയ്ക്ക് അയച്ചു |

| | | |
|---|---|---|
| | | കൊടുക്കുന്നതിനായി അതാത് ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകുന്നതിന് പോലീസ് വകുപ്പ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | 2017 ജനുവരി 1 മുതൽ 31/3/2017 വരെയുള്ള കാലയളവിൽ പാലക്കാട് ജില്ലയിൽ എത്ര റോഡപകടങ്ങൾ നടക്കുകയുണ്ടായി; അതിൽ എത്ര മനുഷ്യ ജീവനുകൾ നഷ്ടപ്പെടുകയുണ്ടായി; വിശദാംശം ലഭ്യമാക്കുമോ; | (ബി) സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം 2017 ജനുവരി ഒന്ന് മുതൽ 31.03.2017 വരെ 629 അപകടങ്ങൾ ജില്ലയിൽ നടന്നിട്ടുണ്ട്. ആയതിൽ 115 പേർക്ക് ജീവഹാനിയുണ്ടായി. |
| (സി) | മോട്ടോർ വാഹന വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ ഓപ്പറേഷൻ സുരക്ഷാ പദ്ധതി പ്രകാരം എത്ര ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുകയുണ്ടായി; എത്ര തുക പിഴ ഈടാക്കി; എത്ര പേരുടെ ലൈസൻസ് റദ്ദാക്കി; വിശദാംശം നൽകാമോ? | (സി) പാലക്കാട് ആർ ടി ഒ യുടെ കീഴിൽ 2017 വർഷം സുപ്രീംകോടതി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള ട്രാഫിക് നിയമലംഘനങ്ങൾക്ക് 725 പേരുടെ ലൈസൻസുകൾ റദ്ദ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ